# ലേബർ കമ്മീഷണറുടെ നടപടി ഉത്തരവ്
**(ഹാജർ: എ. അലക്സാണ്ടർ.ഐ.എ.എസ്)**

വിഷയം :- തൊഴിൽവകുപ്പ്- സ്ഥാപനകാര്യം- ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വായന :-
1) ഈ കാര്യാല്യയത്തിലെ 22.06.2012 തീയതിയിലെ ഇ(6)13697/2012 നമ്പർ ഉത്തരവ്.
2) 03.01.2014 തീയതിയിലെ സ.ഉ (പി) 01/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
3) 19.07.2014 തീയതിയിലെ സ.ഉ (പി) 21/2014/ഉ.ഭ.പ.വ നമ്പർ ഉത്തരവ്
4) 29.11.2017 തീയതിയിലെ സ.ഉ (കൈ) 105/2017/തൊഴിൽ നമ്പർ ഉത്തരവ്
5) ഈ കാര്യാലയത്തിലെ 04.02.2018 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.
6) 19.07.2014 തീയതിയിലെ ഇ(8) 592/2014 നമ്പർ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി ലിസ്റ്റ്
7) ഈ കാര്യാലയത്തിലെ 25.04.2018 തീയതിയിലെ ഇ(6)298/2014 നമ്പർ ഉത്തരവ്.
8) പാലക്കാട് ജില്ലാ ലേബർ ഓഫീസറുടെ 26.04.2018 തീയതിയിലെ എ/1026/2018 നമ്പർ കത്ത്.

---

**ഉത്തരവ് നമ്പർ: ഇ(6) 298/2014** **തിരുവനന്തപുരം തീയതി: 14/05/2018**

---

വായന (1)-ലെ ഉത്തരവ് പ്രകാരം, വകുപ്പിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയത് വായന (4)ലെ സർക്കാർ ഉത്തരവിന് വിധേയമായി സീനിയോരിറ്റി ക്രമീകരിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ച് വായന (5) പ്രകാരം ഉത്തരവായിരുന്നു. മേൽ സാഹചര്യത്തിൽ ടി ഒഴിവുകൾക്ക് ശേഷം വകുപ്പിലുണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവിലേക്ക് വായന (2),(3) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ നിന്നും ക്ലർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് ഓപ്ഷൻ സമർപ്പിച്ചിട്ടുള്ളവരുടെ വായന (6) ലെ സീനിയോരിറ്റി ലിസ്റ്റിനെ ആധാരമാക്കി സീനിയറും യോഗ്യതയുള്ളവരുമായ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് നിലവിലുള്ള ഒഴിവിൽ സ്ഥാനക്കയറ്റം നൽകികൊണ്ട് വായന (7) പ്രകാരം ഉത്തരവായിട്ടുണ്ട്. എന്നാൽ ടി ഉത്തരവിൽ പാലക്കാട് ജില്ലാ ലേബർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ഹയർഗ്രേഡും ഓഫീസ് അറ്റൻഡന്റുമാരുടെ സീനിയോരിറ്റി ലിസ്റ്റിലെ ക്രമനമ്പർ. 82 ആയ ശ്രീ.രാമചന്ദ്രൻ.കെ-യെ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റത്തിനായി പരിഗണിച്ചിട്ടില്ലായെന്നും വായന (8) പ്രകാരം അറിയിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ വായന (7) പ്രകാരം ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ജീവനക്കാർക്ക് ക്ലാർക്ക് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഉത്തരവിൽ ഭേദഗതി വരുത്തി താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

| നം | സീനിയോരിറ്റി ലിസ്റ്റിലെ ക്രമ നമ്പർ | ഓഫീസ് അറ്റൻഡന്റുമാരുടെ പേരും നിലവിൽ ജോലി ചെയ്യുന്ന ഓഫീസും | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന ഓഫീസ് | സ്ഥാനക്കയറ്റം നൽകുന്ന തീയതി | കാരണം |
|---|---|---|---|---|---|
| 1. | 79 | ശ്രീമതി. എം.റ്റി.പ്രസീദ, ലേബർ കമ്മീഷണറേറ്റ് | ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം | 18.06.2016 | ശ്രീമതി.സിന്ധുമോൾ.എൻ-ന് സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (81-ാം ഒഴിവ്) |
| 2. | 81 | ശ്രീമതി. കെ.എസ്.സജിത, ലേബർ കോടതി, എറണാകുളം | റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണർ ഓഫീസ്, എറണാകുളം | 08.07.2016 | ശ്രീമതി.പ്രജിത.എൻ.എൻ., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (91-ാം ഒഴിവ്) |
| 3. | 82 | ശ്രീ.രാമചന്ദ്രൻ.കെ., ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | ജില്ലാ ലേബർ ഓഫീസ്, പാലക്കാട് | 03.12.2016 | ശ്രീ.എസ്. ബാബു സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (101-ാം ഒഴിവ്) |

| | | | | | |
|---|---|---|---|---|---|
| 4. | 83 | ശ്രീ.ഇ.എ.ജലാലുദ്ദീൻ നൈന, ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ ആലപ്പുഴ | ജില്ലാ ലേബർ ഓഫീസ്, കൊല്ലം | 15.12.2016 | ശ്രീമതി.വിന്ധ്യ.വി., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (111-ാം ഒഴിവ്) |
| 5. | 84 | ശ്രീ.സുനിൽകുമാർ.ആർ, മിനിമം വേതന ഉപദേശക സമിതി, തിരുവനന്തപുരം | ലേബർ കമ്മീഷണറേറ്റ് | 10.04.2017 | ശ്രീമതി. ബീന. എൽ.എസ്., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (121-ാം ഒഴിവ്) |
| 6. | 85 | ശ്രീ.എം.എസ്.സജയകുമാർ, ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻസ്, നെടുമങ്ങാട് | ജില്ലാ ലേബർ ഓഫീസ്, തൃശ്ശൂർ | 20.05.2017 | ശ്രീ.പ്രശാന്ത്.കെ., സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (131-ാം ഒഴിവ്) |
| 7. | 86 | ശ്രീ. വിജയകുമാർ.എസ്., അസിസ്റ്റന്റ് ലേബർ ഓഫീസ്, ശാസ്താംകോട്ട | ഡെപ്യൂട്ടി ലേബർ കമ്മീഷണർ ഓഫീസ്, തിരുവനന്തപുരം | 01.08.2017 | ശ്രീമതി.അഞ്ജലി.പി.ജി സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (141-ാം ഒഴിവ്) |
| 8. | 88 | ശ്രീ. എം.നിസാർ, ലേബർ കമ്മീഷണറേറ്റ് | ലേബർ കമ്മീഷണറേറ്റ് | 04.02.2018 | ശ്രീ.ദീപ്തി.ആർ, സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (151-ാം ഒഴിവ്) |
| 9. | 89 | ശ്രീ. ആർ.സുരേഷ്കുമാർ, ലേബർ കമ്മീഷണറേറ്റ് | ലേബർ കമ്മീഷണറേറ്റ് | 12.05.2018 | ശ്രീ. സജിത്ത്.കെ.എസ്, സീനിയർ ക്ലാർക്കായി സ്ഥാനക്കയറ്റം നൽകിയ ഒഴിവ് (161-ാം ഒഴിവ്) |

ഈ ഉത്തരവിലെ സ്ഥാനക്കയറ്റങ്ങൾ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് ചട്ടം 28 (എ)-1 പ്രകാരമാണ്. ടി ജീവനക്കാർ ജോലിയിൽ പ്രവേശിക്കുന്ന തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തെ സേവന കാലയളവിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ നമ്പർ.319/2017, ഒ.എ നമ്പർ.287/2017 എന്നീ കേസുകളുടെ അന്തിമവിധിയ്ക്ക് വിധേയമായി ടി ഉത്തരവ് പരിഷ്കരിക്കേണ്ടതുണ്ടെങ്കിൽ ആയത് നടപ്പിലാക്കുന്നതാണ്.

(ഒപ്പ്)
**ലേബർ കമ്മീഷണർ**

ബന്ധപ്പെട്ട ജീവനക്കാർക്ക് (വെബ്സൈറ്റ് മുഖാന്തിരം **www.lc.kerala.gov.in** )

പകർപ്പ് :-

1) ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ, കൊല്ലം/ ആലപ്പുഴ/ പീരുമേട് (ആമുഖ കത്ത് സഹിതം)
2) പ്രിസൈഡിംഗ് ഓഫീസർ, ലേബർ കോടതി, കോഴിക്കോട് (ആമുഖ കത്ത് സഹിതം)
3) എല്ലാ സബ് ആഫീസുകൾക്കും (വെബ്സൈറ്റ് മുഖാന്തിരം **www.lc.kerala.gov.in** )
4) ലേബർ കമ്മീഷണറുടെ പി.എ.
5) അഡീഷണൽ ലേബർ കമ്മീഷണർ (ഇ,ഐ.ആർ,ഡബ്ല്യൂ)
6) സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ
7) ഡെപ്യൂട്ടി ലേബർ കമ്മീഷണർ (ആസ്ഥാനം)
8) ജില്ലാ ലേബർ ആഫീസർ (ആസ്ഥാനം)
9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
10) സീനിയർ സൂപ്രണ്ട് (ഇ)
11) ജൂനിയർ സൂപ്രണ്ട് (ഇ)
12) ഇ(5) സീറ്റ് (ടി ജീവനക്കാരെ ക്ലാർക്ക് തസ്തികയിലെ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.)
13) ഇ(8) സീറ്റ്
14) ഫയൽ/കരുതൽ ഫയൽ

**ഉത്തരവിൻ പ്രകാരം**

(signature)

**ജൂനിയർ സൂപ്രണ്ട് (ഇ)**